# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 343 | 23.01.2018 ൽ മറുപടിയ്ക്ക് |
|---|---|
| **പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് നടപടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| സർക്കാർ സ്ഥാപനങ്ങളും പൊതു ഇടങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന് നേതൃത്വം നൽകുന്ന സർക്കാർ സംവിധാനങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | സർക്കാർ സ്ഥാപനങ്ങളും പൊതു ഇടങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) **<u>181 വിമൻ ഹെൽപ്പ് ലൈൻ</u>**<br>കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കു വേണ്ടി 24 മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തി വരുന്നു.<br>(2) **<u>ഷീ പാഡ് പദ്ധതി</u>**<br>സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് സൗജന്യമായ ഗുണമേന്മയേറിയ സാനിട്ടറി നാപ്കിനുകൾ ,ആയത് സൂക്ഷിക്കുന്നതിനാവശ്യമായ അലമാര , ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ സ്കൂളുകളിൽ സ്ഥാപിക്കുന്ന ഷീ പാഡ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br>(3)**<u>ഷീ ടാക്സി</u>**<br>ഷീ ടാക്സി പദ്ധതി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2017 നവംബർ 1 മുതൽ ഏറ്റെടുത്ത് പ്രവർത്തിച്ചു വരികയാണ്. 24x7 പ്രവർത്തിക്കുന്ന ഷീ ടാക്സി സേവനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഭ്യമാണ്.<br>(4) **<u>വനിതാ മിത്ര കേന്ദ്രം</u>**<br>സംസ്ഥാനത്തെ 14 ജില്ല കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം, യാത്രക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രഷ് സൗകര്യം, ഒറ്റപ്പെട്ടു പോയതോ/ ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകളെ താൽക്കാലികമായി |

താമസിപ്പിക്കാനുള്ള ഷോർട്ട് സ്റ്റേ സൗകര്യം എന്നിവ സംയോജിപ്പിച്ച് ഒരു കടക്കീഴിലേക്ക് ഇത്തരം സംവിധാനങ്ങൾ അണിനിരത്തുന്ന വനിതാ മിത്ര കേന്ദ്രം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(5) **ഷീ-ടോയിലറ്റ്**

സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ രൂപപ്പെടുത്തിയ ശൗചാലയങ്ങൾ, ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷിൻ എന്നീ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്ത്രീകൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഷീ-ടോയിലറ്റ്. സംസ്ഥാന വ്യാപകമായി 58 ഷീ ടോയിലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ 25 ഷീ ടോയിലറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(6)**വിമൻസ് കോളേജുകളിൽ വിമൻ സെൽ**

കേരളത്തിൽ വനിതാ കോളേജുകളിൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിമൻ സെൽ ആരംഭിക്കുകയുണ്ടായി.വിമൻസെൽ മുഖേന വിദ്യാർത്ഥികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ തുടങ്ങിയവ നടത്തിവരുന്നു.

(7) **ഐ.സി.സി. ബോധവൽക്കരണം**

തൊഴിലിടങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനു ആഭ്യന്തര പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതിന്റെ പ്രധാന്യത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ